**മധുരമായ കുട്ടികളേ – വിനാശത്തിന് മുമ്പ് എല്ലാവർക്കും ബാബയുടെ പരിചയം കൊടുക്കണം, ധാരണ ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കൂ അപ്പോൾ ഉയർന്ന പദവി ലഭിക്കും.**

**ചോദ്യം –** രാജയോഗി വിദ്യാർത്ഥികൾക്കുള്ള ബാബയുടെ നിർദ്ദേശം എന്താണ്?
**ഉത്തരം –** ഒരു ബാബയുടെതായി മാറി പിന്നീട് മറ്റുള്ളവരിൽ മനസ്സ് വെക്ക്രുത് ഇതാണ് നിങ്ങൾക്കുള്ള നിർദ്ദേശം. പ്രതിജ്ഞ ചെയ്ത് പിന്നീട് പതീതമാകരുത്. ബാബയുടെയും ,ടീച്ചറുടെയും ഓർമ്മ സ്വതവേ നിരന്തരം ഉണ്ടാകുന്ന രീതിയിൽ നിങ്ങൾ സമ്പൂർണ്ണ പാവനമായി മാറൂ. ഒരു ബാബയോടു മാത്രം സ്നേഹം വെയ്ക്കൂ, ബാബയെ മാത്രം ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് വളരെ ശക്തി ലഭിച്ചുകൊണ്ടിരിക്കും.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് മനസ്സിലാക്കിത്തരികയാണ്. ഈ ശരീരത്തിലിരുന്നുകൊണ്ടാണ് മനസ്സിലാക്കിത്തരുന്നത്. സന്മുഖത്താണ് മനസ്സിലാക്കിത്തരുന്നത്. ആരാണോ സന്മുഖത്തിരുന്ന് മനസ്സിലാക്കി പോകുന്നത് അവർ പിന്നീട് നോട്ടീസുമായി മറ്റുള്ളവരുടെ അടുത്തേക്ക് പോകുന്നു. സന്മുഖത്ത് നിന്ന് കേൾക്കുന്നതിന് വേണ്ടിയാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. പരിധിയില്ലാത്ത ബാബ ആത്മാക്കളെയാണ് കേൾപ്പിക്കുന്നത്. ആത്മാവ് തന്നെയാണ് കേൾക്കുന്നത്. ആത്മാവ് തന്നെയാണ് ഈ ശരീരത്തിലൂടെ എല്ലാ കാര്യങ്ങളും ചെയ്യുന്നത് അതുകൊണ്ട് ആദ്യമാദ്യം സ്വയം ആത്മാവാണെന്ന് തീർച്ചയായും മനസ്സിലാക്കണം. പാടുന്നുണ്ട് ആത്മാവും പരമാത്മാവും വളരെക്കാലമായി വേറിട്ടിരിക്കുകയാണ്....... ഏറ്റവും ആദ്യം ബാബയിൽ നിന്ന് വേർപിരിഞ്ഞ് ഇവിടെ പാർട്ടഭിനയിക്കുന്നതിന് വന്നതാരാണ്? നിങ്ങളോടും ചോദിക്കുന്നു, നിങ്ങളെത്ര സമയം ബാബയിൽ നിന്നും വേറിട്ടിരുന്നു? 5000 വർഷമെന്ന് അപ്പോൾ നിങ്ങൾ പറയും. പൂർണ്ണമായ കണക്കാണല്ലോ. എങ്ങനെയാണ് നമ്പർവൈസായി വരുന്നതെന്നും നിങ്ങൾ കുട്ടികൾക്കറിയാം. ബാബ മുകളിലായിരുന്നു, നിങ്ങളുടെ എല്ലാവരുടെയും ബാറ്ററി ചാർജ് ചെയ്യുന്നതിനായി ബാബയും ഇപ്പോൾ താഴെയിറങ്ങി വന്നിരിക്കുകയാണ്. ഇപ്പോൾ ബാബയെ ഓർമ്മിക്കണം. ഇപ്പോഴാണെങ്കിൽ സൻമുഖത്താണല്ലോ. ഭക്തിമാർഗത്തിലാണെങ്കിൽ ബാബയുടെ കർത്തവ്യം എന്താണെന്ന് അറിയില്ലായിരുന്നു. നാമം, രൂപം, ദേശം, കാലം ഇതൊന്നും അറിയുമായിരുന്നില്ല. നിങ്ങൾക്കിപ്പോൾ നാമം, രൂപം, ദേശം, കാലം എല്ലാ അറിയാം. ഈ രഥത്തിലൂടെയാണ് ബാബ നമുക്ക് എല്ലാ രഹസ്യവും മനസ്സിലാക്കിത്തരുന്നതെന്നും ്നിങ്ങൾക്കറിയാം. രചയിതാവിന്റെയും രചനയുടെയും ആദി, മധ്യ, അന്ത്യത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തരുന്നു. ഇതെത്ര സൂക്ഷ്മമാണ്. ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജ രൂപം ബാബ തന്നെയാണ്. ബാബ തീർച്ചയായും ഇവിടെ വരും. പുതിയ ലോകം സ്ഥാപിക്കുക എന്നത് ബാബയുടെ തന്നെ കർത്ത്യമാണ്. അവിടെ ഇരുന്ന് കൊണ്ട് സ്ഥാപന ചെയ്യുകയല്ല. നിങ്ങൾക്കറിയാം ബാബ ഈ ശരീരത്തിലൂടെ നമുക്ക് സൻമുഖത്ത് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ഈ ബ്രഹ്മാവും ബാബയെ വളരെയധികം സ്നേഹിക്കുന്നുണ്ടല്ലോ. മറ്റാർക്കും തന്നെ ബാബയുടെ ജീവചരിത്രത്തെക്കുറിച്ച് അറിയുകയില്ല. ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ ശാസ്ത്രമാണ് ഗീത. ഇതും നിങ്ങൾക്കറിയാം – ഈ ജ്ഞാനത്തിന് ശേഷം വിനാശമാണ്, തീർച്ചയായും വിനാശമുണ്ടാവുക തന്നെ വേണം. ഏതെല്ലാം ധർമ്മസ്ഥാപകരാണോ വരുന്നത് അവർ വന്നിട്ടും വിനാശമൊന്നും ഉണ്ടാകുന്നില്ല. വിനാശത്തിന്റെ സമയം ഇതു് തന്നെയാണ്. അതിനാലാണ് നിങ്ങൾക്ക് ജ്ഞാനം ലഭിച്ചത്, പിന്നീട് വിനാശം ഉണ്ടാകും. ഈ എല്ലാ കാര്യങ്ങളും നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾ രചയിതാവിനെയും രചനയേയും അറിഞ്ഞു കഴിഞ്ഞു. ഇത് രണ്ടും അനാദിയായി നടന്നുകൊണ്ടിരിക്കുന്നു. സംഗമയുഗത്തിൽ വരുക എന്നതാണ് ബാബയുടെ പാർട്ട്. പകുതി കൽപം ഭക്തിയാണ് നടന്നുകൊണ്ടിരിക്കുന്നത്, ജ്ഞാനമല്ല. ജ്ഞാനത്തിന്റെ സമ്പത്ത് അരകൽപത്തിലേക്ക് ലഭിക്കുന്നു. ജ്ഞാനമാണെങ്കിൽ ഒരു പ്രാവശ്യം കേവലം സംഗമയുഗത്തിലാണ് ലഭിക്കുന്നത്. നിങ്ങളുടെ ഈ ക്ലാസ്സ് ഈ ഒരു തവണയാണ് നടക്കുന്നത്. ഈ കാര്യങ്ങളെല്ലാം നല്ല രീതിയിൽ മനസ്സിലാക്കി പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. പദവിയുടെ മുഴുവൻ കാര്യവും അടങ്ങിയിരിക്കുന്നത് സർവ്വീസ് ചെയ്യുന്നതിലാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് പുതിയ ലോകത്തിലേക്ക് പോകണമെന്ന് നിങ്ങൾക്ക് മനസ്സിലായി. ധാരണ ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുക – ഇതിലാണ് നിങ്ങളുടെ പദവി. വിനാശം ഉണ്ടാകുന്നതിന് മുമ്പ് എല്ലാവർക്കും ബാബയുടെ പരിചയം നൽകി രചനയുടെ ആദി, മധ്യ, അന്ത്യത്തിന്റെ പരിചയം നൽകണം. നിങ്ങളും ബാബയെ ഓർമ്മിക്കുന്നു അതിലൂടെ ജന്മ ജന്മാന്തരത്തിലെ പാപം ഇല്ലാതാകും. എപ്പോൾ വരെ ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവോ,അതുവരെ തീർച്ചയായും ഓർമ്മിക്കണം. പഠിപ്പിക്കുന്ന ആളുമായി യോഗം ഉണ്ടായിരിക്കുമല്ലോ. ടീച്ചർ പഠിപ്പിക്കുമ്പോൾ അവരോടൊപ്പം യോഗം

വെക്കുന്നു. യോഗമില്ലാതെ എങ്ങനെയാണ് പഠിക്കുന്നത്? യോഗം അർത്ഥം പഠിപ്പിക്കുന്ന ആളുടെ ഓർമ്മ. ഈ ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. മൂന്ന് രൂപത്തിലും പൂർണ്ണമായും ഓർമ്മിക്കേണ്ടതുണ്ട്. ഈ സദ്ഗുരുവിനെ നിങ്ങൾക്ക് ഒരു തവണ മാത്രമേ ലഭിക്കുന്നുള്ളൂ. ജ്ഞാനത്തിലൂടെ സദ്ഗതി ലഭിച്ചു, കഴിഞ്ഞു, പിന്നെ ഗുരുവിന്റെ സമ്പ്രദായം അവസാനിക്കുന്നു. അച്ഛൻ, ടീച്ചറിന്റെ സമ്പ്രദായം നടക്കുന്നു, ഗുരുവിന്റെ സമ്പ്രദായം അവസാനിക്കുന്നു. ജ്ഞാനത്തിലൂടെ സദ്ഗതി ലഭിച്ചുവല്ലോ . നിർവ്വാണധാമത്തിലേക്ക് നിങ്ങൾ പ്രാക്ടിക്കലായി പോകുന്നുണ്ട്, പിന്നീട് തന്റെ സമയമനുസരിച്ച് പാർട്ട് അഭിനയിക്കുന്നതിനായി വരുന്നു. മുക്തിയും ജീവൻമുക്തിയും രണ്ടും നിങ്ങൾക്കു തന്നെ ലഭിക്കുന്നു. തീർച്ചയായും മുക്തി ലഭിക്കും. കുറച്ചു സമയത്തേക്ക് വീട്ടിൽ പോയി ഇരിക്കും. ഇവിടെ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കേണ്ടതുണ്ട്. അവസാനം എല്ലാ പാർട്ട് ധാരികളും വരും. നാടകം പൂർത്തിയാകുമ്പോൾ എല്ലാ അഭിനേതാക്കളും സ്റ്റേജിലേക്ക് വരും. ഇപ്പോൾ തന്നെ എല്ലാ അഭിനേതാക്കളും സ്റ്റേജിൽ ഒരുമിച്ചിട്ടുണ്ട്. എത്ര വലിയ ഘോരയുദ്ധമാണ്. സത്യയുഗത്തിന്റെ ആദിയിൽ ഇങ്ങനെ യുദ്ധമൊന്നും ഉണ്ടായിരുന്നില്ല. ഇന്ന് എത്ര അശാന്തിയാണുള്ളത്. ഇപ്പോൾ എങ്ങനെയാണോ ബാബയിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമുള്ളത്, അതേ പോലെ കുട്ടികളിലും ജ്ഞാനമുണ്ട്. ബീജത്തിന്റെ ജ്ഞാനമുണ്ടല്ലോ– നമ്മുടെ വൃക്ഷം എങ്ങനെയാണ് വൃദ്ധി നേടിക്കൊണ്ടിരിക്കുന്നത്, എങ്ങനെയാണ് നശിക്കുന്നത്. ഇപ്പോൾ നിങ്ങൾ പുതിയ ലോകത്തിന്റെ തൈ നട്ടുകൊണ്ടിരിക്കുകയാണ് അഥവാ ദേവിദേവതാ ധർമ്മത്തിന്റ തൈ നടുകയാണ്. ഈ ലക്ഷ്മീ നാരായണൻ രാജ്യം നേടിയതെങ്ങനെയാണെന്ന് നിങ്ങൾക്കറിയാം. നമ്മൾ പുതിയ ലോകത്തിലെ രാജകുമാരനായി മാറുമെന്നും നിങ്ങൾക്ക് മനസ്സിലായി. ആ ലോകത്തിൽ വസിക്കുന്നവരെല്ലാവരും സ്വയത്തെ അധികാരിയാണെന്ന് പറയും. ഭാരതം എന്റെ ദേശമാണ് എന്ന് ഇപ്പോഴും പറയാറുണ്ട്. നമ്മൾ സംഗമത്തിലാണ് നിൽക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കി, ശിവാലയത്തിലേയ്ക്ക് പോകുന്നവരാണ്. ഇപ്പോൾ പോയാൽ പോയി. നമ്മൾ പോയി ശിവാലയത്തിന്റെ അധികാരിയായി മാറും. നിങ്ങളുടെ ഉയർന്ന ലക്ഷ്യം ഇതു് തന്നെയാണ്. എങ്ങനെയാണോ രാജാവും റാണിയും അതേ പോലെയാണ് പ്രജകൾ. എല്ലാവരും ശിവാലയത്തിന്റെ അധികാരികളായി മാറുന്നു. പിന്നീട് രാജധാനിയിൽ വ്യത്യസ്തമായ പദവി തന്നെയായിരിക്കും ലഭിക്കുക. അവിടെ ഒരിക്കലും മന്ത്രിയുണ്ടാവുകയില്ല. എപ്പോഴാണോ പതിതമായി മാറുന്നത് അപ്പോഴാണ് മന്ത്രി ഉണ്ടാവുക. ലക്ഷ്മീ നാരായണന്റെ അല്ലെങ്കിൽ സീതാ രാമന്റെ മന്ത്രി എന്ന് പറയുന്നത് കേട്ടിട്ടില്ലല്ലോ. കാരണം അവർ സ്വയം സതോപ്രധാന പാവന ബുദ്ധിയുള്ളവരായിരുന്നു. പിന്നീട് എപ്പോഴാണോ പതിതമായി മാറുന്നത് അപ്പോൾ അഭിപ്രായം ചോദിക്കുന്നതിനായി രാജാവും റാണിയും ഒരു മന്ത്രിയെ നിയമിക്കുന്നു. ഇപ്പോൾ നോക്കൂ അനേകം മന്ത്രിമാരാണ്.

നിങ്ങൾ കുട്ടികൾക്കറിയാം ഇത് വളരെ രസകരമായ കളിയാണ്. കളിയിൽ തീർച്ചയായും രസം തന്നെയാണ് ഉണ്ടാവുക. സുഖവുമുണ്ടാകും, ദുഖവുമുണ്ടാകും. ഈ പരിധിയില്ലാത്ത കളി നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് മനസ്സിലാവുന്നത്. ഇവിടെ കരയേണ്ടതിന്റെയോ, വഴക്കടിക്കേണ്ടതിന്റെയോ ആവശ്യം തന്നെയില്ല. കഴിഞ്ഞത് കഴിഞ്ഞു എന്ന് പാടാറുണ്ടല്ലോ.... ഈ നാടകം ഉണ്ടായതും ഉണ്ടായികൊണ്ടിരിക്കുന്നതുമാണ് എന്നത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. നമ്മൾ ഇതിലെ അഭിനേതാക്കളാണ്. നമ്മുടെ 84 ജന്മത്തിലെ പാർട്ട് വളരെ കൃത്യവും അവിനാശിയുമാണ്. ആര്, ഏത് ജന്മത്തിൽ എങ്ങനെയുള്ള പാർട്ടാണോ അഭിനയിച്ചു വന്നത് അത് തന്നെ ചെയ്തുകൊണ്ടിരിക്കും. ഇന്നേയ്ക്ക് 5000 വർഷം മുമ്പും നിങ്ങളോട് ഇത് തന്നെയാണ് പറഞ്ഞിരുന്നത്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഗീതയിലും ഈ വാക്കുണ്ട്. നിങ്ങൾക്കറിയാം ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന അതേ പോലെയുണ്ടായിരുന്നു. അപ്പോൾ ബാബ പറഞ്ഞിട്ടുമുണ്ടായിരുന്നു – ദേഹത്തിന്റെ എല്ലാ ധർമ്മത്തെയും ഉപേക്ഷിച്ച് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. മന്മനാഭവയുടെ അർത്ഥം ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. ഹിന്ദി തന്നെയാണ് ഭാഷ. ഇവിടെ നോക്കൂ എത്രയധികം ഭാഷകളാണുള്ളത്. ഭാഷകളുടെ പേരിൽ തന്നെ എത്ര യുദ്ധമാണ് നടക്കുന്നത്. ഭാഷയില്ലാതൊരിക്കലും കാര്യം നടക്കുകയില്ല. ഇങ്ങനെയുള്ള ഭാഷകളെല്ലാം പഠിച്ചു വരുകയാണെങ്കിൽ മാതൃഭാഷ ഇല്ലാതാകും. ആരാണോ കൂടുതൽ ഭാഷകൾ പഠിക്കുന്നത്, അവർക്ക് സമ്മാനം ലഭിക്കുന്നു. എത്ര ധർമ്മങ്ങളുണ്ടോ അത്രയും ഭാഷകളുണ്ട്. അവിടെയാണെങ്കിൽ തന്റെ രാജധാനി മാത്രമേ ഉണ്ടാവൂ എന്ന് നിങ്ങൾക്കറിയാ൦ . ഭാഷയും ഒന്നേയുള്ളൂ. ഇവിടെയാണെങ്കിൽ 100 മൈലിന് ഒരു ഭാഷയാണ്. അവിടെ ഒരു ഭാഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഈ എല്ലാ കാര്യങ്ങളും ബാബയിരുന്ന് മനസ്സിലാക്കിത്തരുമ്പോൾ ആ ബാബയെ മാത്രം ഓർമ്മിച്ചു കൊണ്ടിരിക്കൂ. ശിവബാബ ബ്രഹ്മാവിലൂടെ മനസ്സിലാക്കിത്തരുകയാണ്. തീർച്ചയായും രഥം വേണമല്ലോ. ശിവബാബ നമ്മുടെ അച്ഛനാണ്. ബാബ പറയുന്നു എനിക്കാണെങ്കിൽ പരിധിയില്ലാത്ത കുട്ടികളാണ്. ബാബ ഇദ്ദേഹത്തിലൂടെ പഠിപ്പിക്കുകയാണല്ലോ. ടീച്ചറെ ഒരിക്കലും കെട്ടിപ്പിടിക്കാറില്ല. ബാബ

നിങ്ങളെ പഠിപ്പിക്കുന്നതിനു വേണ്ടി വന്നിരിക്കുകയാണ്. രാജയോഗം പഠിപ്പിക്കണമെങ്കിൽ ടീച്ചർ വേണമല്ലോ. നിങ്ങൾ വിദ്യാർത്ഥികളാണ്. വിദ്യാർത്ഥി എപ്പോഴെങ്കിലും ടീച്ചറെ ആലിംഗനം ചെയ്യുമോ? ഒരു ബാബയുടേതായി മാറിയ ശേഷം വേറെ ആരിലും മനസ്സ് വെക്കരുത്.

ബാബ പറയുന്നു, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നതിന് വേണ്ടി വന്നിരിക്കുകയാണല്ലോ. നിങ്ങൾ ശരീരധാരിയാണ്, ഞാൻ അശരീരിയാണ് മുകളിൽ വസിക്കുന്ന ആളാണ്. പറയുന്നുണ്ട് – ബാബാ, പാവനമാക്കുന്നതിനായി വരൂ.. കാരണം നിങ്ങൾ പതിതമാണല്ലോ? പിന്നെ എനിക്ക് എങ്ങനെ നിങ്ങളെ ആലിംഗനം ചെയ്യാൻ സാധിക്കും? പ്രതിജ്ഞ ചെയ്ത് പിന്നീട് പതിതമായി മാറുന്നു. എപ്പോഴാണോ പാവനമായി മാറുന്നത്, അപ്പോൾ ഓർമ്മിച്ചുകൊണ്ടിരിക്കും, ടീച്ചറെയും, ഗുരുവിനെയും ഓർമ്മിച്ചുകൊണ്ടിരിക്കും. ഇപ്പോഴാണെങ്കിൽ മോശമായി മാറി വീണുപോയിരിക്കുന്നു, വീണ്ടും 100 മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടതായി വരുന്നു. ഇദ്ദേഹത്തെയാണെങ്കിൽ ഇടയ്ക്ക് ദല്ലാളിന്റെ രൂപത്തിൽ ലഭിച്ചിരിക്കുകയാണ്, അദ്ദേഹത്തെയും ഓർമ്മിക്കണം. ബാബ പറയുന്നു, ഞാനും ശിവബാബയുടെ സഹായിയായ കുട്ടിയാണ്. പിന്നെ എനിക്കെങ്ങനെ ആലിംഗനം ചെയ്യാൻ സാധിക്കും! നിങ്ങൾ ഈ ശരീരത്തിലൂടെയെങ്കിലും കാണുന്നുണ്ടല്ലോ. ബാബ പറയുന്നു – കുട്ടികളേ, നിങ്ങൾ ഒരു ബാബയെ മാത്രം ഓർമ്മിക്കൂ, സ്നേഹിക്കൂ. ഓർമ്മയിലൂടെ വളരെയധികം ശക്തി ലഭിക്കുന്നു. ബാബ സർവ്വശക്തിവാനാണ്. ബാബയിൽ നിന്നു തന്നെയാണ് നിങ്ങൾക്ക് ഇത്രയും ശക്തി ലഭിക്കുന്നത്. നിങ്ങൾ വളരെ ബലവാനായി മാറുന്നു. നിങ്ങളുടെ രാജധാനിയുടെ മേൽ ആർക്കും വിജയിക്കാൻ സാധ്യമല്ല. രാവണ രാജ്യം തന്നെ ഇല്ലാതാകും. ദുഖം നൽകുന്ന ആരും തന്നെ ഉണ്ടായിരിക്കുകയില്ല. അതിനെ സുഖധാമം എന്ന് പറയുന്നു. മുഴുവൻ വിശ്വത്തിലും എല്ലാവർക്കും ദുഖം നൽകുന്നത് രാവണനാണ്. മൃഗങ്ങളും ദുഖിതായിരിക്കും. സത്യയുഗത്തിൽ മൃഗങ്ങളും പരസ്പരം സ്നേഹത്തോടുകൂടി ജീവിക്കുന്നു. ഇവിടെ സ്നേഹം തന്നെയില്ല.

ഈ ഡ്രാമ കറങ്ങുന്നതെങ്ങനെയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇതിന്റെ ആദി, മധ്യ, അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ചിലർ നല്ല രീതിയിൽ പഠിക്കുന്നു, ചിലർ കുറച്ച് പഠിക്കുന്നു. എല്ലാവർക്കും പഠിക്കണമല്ലോ. മുഴുവൻ ലോകത്തിലുള്ളവരും പഠിക്കും അർത്ഥം ബാബയെ ഓർമ്മിക്കും. ബാബയെ ഓർമ്മിക്കുക – ഇതും പഠിപ്പാണല്ലോ. ആ ബാബയെ എല്ലാവരും ഓർമ്മിക്കുന്നു, ബാബ സർവ്വർക്കും സദ്ഗതി നൽകുന്ന ആളാണ്, എല്ലാവർക്കും സുഖം നൽകുന്ന ആളാണ്. വന്ന് പാവനമാക്കി മാറ്റൂ എന്ന് പറയാറുമുണ്ട് അപ്പോൾ തീർച്ചയായും പതിതരായിരിക്കും. ബാബ വരുന്നതുതന്നെ വികാരികളെ നിർവികാരികളാക്കി മാറ്റുന്നതിനാണ്. അള്ളാഹൂ.. വന്ന് പാവനമാക്കി മാറ്റൂ ..എന്ന് വിളിക്കാറുമുണ്ട്. ബാബയുടെ കർത്തവ്യം തന്നെ ഇതാണ്, അതുകൊണ്ടാണ് വിളിക്കുന്നത്.

നിങ്ങളുടെ ഭാഷയും കൃത്യമായിരിക്കേണ്ടതാണ്. അവർ അള്ളാഹുവെന്ന് പറയുന്നു, ഇവർ ഗോഡ് എന്ന്പറയുന്നു ഗോഡ് ഫാദർ എന്നും പറയുന്നുണ്ട്. അവസാനം വരുന്നവരുടെ ബുദ്ധി കുറച്ചെങ്കിലും നല്ലതായിരിക്കും. ഇത്രയും ദുഖമൊന്നും എടുക്കുന്നില്ല. ഇപ്പോൾ നിങ്ങൾ സന്മുഖത്തിരിക്കുകയാണ്, എന്താണ് ചെയ്യുന്നത്? ബാബയെ ഈ ഭൃകുടിയിൽ നോക്കുകയാണ്. ബാബ പിന്നീട് നിങ്ങളുടെ ഭൃകുടിയിൽ നോക്കുന്നു. ആരിലാണോ ഞാൻ പ്രവേശിക്കുന്നത്, അദ്ദേഹത്തെയും കാണാൻ സാധിക്കുന്നുണ്ടോ? അദ്ദേഹമാണെങ്കിൽ തൊട്ടരികിലാണിരിക്കുന്നത്, ഇത് നന്നായി മനസ്സിലാക്കേണ്ട കാര്യമാണ്. ഞാൻ ബ്രഹ്മാവിന്റെ അരികിലാണിരിക്കുന്നത്. ബ്രഹ്മാവും മനസ്സിലാക്കുന്നുണ്ട് എന്റെ അടുത്താണിരിക്കുന്നത്. ഞങ്ങൾ രണ്ടു പേരെയും മുന്നിൽ കാണുന്നുവെന്ന് നിങ്ങൾ പറയും. ബാബയുടെയും, ദാദയുടെയും ആത്മാക്കളെ കാണുന്നുണ്ട്. നിങ്ങളിൽ ജ്ഞാനമുണ്ട് – ബാപ്ദാദയെന്ന് ആരെയാണ് പറയുന്നത്? ആത്മാവ് അടുത്തിരിക്കുകയാണ്. ഭക്തി മാർഗ്ഗത്തിലാണെങ്കിൽ കണ്ണുകൾ അടച്ചിരുന്നാണ് കേൾക്കുന്നത്. പഠിപ്പ് ഒരിക്കലും ഇങ്ങനെ ആയിരിക്കുകയില്ല. ടീച്ചറെ നോക്കേണ്ടി വരുമല്ലോ. ഇതാണെങ്കിൽ അച്ഛനുമാണ്, ടീച്ചറുമാണ് അതിനാൽ മുന്നിൽ കാണുക തന്നെ വേണം. മുന്നിലിരുന്നുകൊണ്ട് കണ്ണുകൾ അടച്ചുകൊണ്ടിരിക്കുക, കോട്ടുവായിടുക, ഇങ്ങനെയുള്ള പഠിപ്പ് ഉണ്ടായിരിക്കുകയില്ല. വിദ്യാർത്ഥികൾ ടീച്ചറെ തീർച്ചയായും നോക്കിക്കൊണ്ടിരിക്കണം. ഇല്ലെങ്കിൽ, അലസരായിരിക്കുകയാണ്. ഇവർ ഏതോ മദ്യം കുടിച്ച് വന്നിരിക്കുകയാണ് എന്ന് ടീച്ചർ പറയും. ബാബ ഈ ശരീരത്തിലുണ്ടെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഞാൻ ബാബയെ കാണുന്നു. ബാബ മനസ്സിലാക്കിത്തരികയാണ്, കണ്ണടച്ചിരിക്കാൻ ഇത് സാധാരണ ക്ലാസല്ല. എന്താ സ്ക്കൂളിൽ ആരെങ്കിലും കണ്ണ് അടച്ച് ഇരിക്കുമോ? മറ്റൊരു സത്സംഗത്തെയും സ്ക്കൂളെന്ന് പറയുകയില്ല. കേവലം ഗീത കേൾപ്പിക്കുകയാണെങ്കിൽ പോലും അതിനെ സ്ക്കൂളെന്ന് പറയുകയില്ല. അവിടെ കാണാൻ ബാബയുമില്ല. ചില ശിവഭക്തർ ഉണ്ടാവും, അവർ ശിവനെ ഓർമ്മിക്കുന്നു, കാതുകളിലൂടെ കഥ കേട്ടുകൊണ്ടിരിക്കും. ശിവന്റെ ഭക്തി ചെയ്യുന്നവർക്ക് ശിവനെത്തന്നെ ഓർമ്മിക്കേണ്ടി വരു

ന്നു. ഏതൊരു സത്സംഗത്തിലും ചോദ്യം-ഉത്തരം മുതലായവ ഉണ്ടായിരിക്കുകയില്ല. ഇവിടെ ഉണ്ട്. ഇവിടെ നിങ്ങൾക്ക് ധാരാളം സമ്പാദ്യമുണ്ട്. സമ്പാദ്യത്തിൽ ഒരിക്കലും കോട്ടുവായ വരുക സാധ്യമല്ല. പണം ലഭിക്കുമ്പോൾ സന്തോഷമുണ്ടാകുമല്ലോ. കോട്ടുവായ ദുഖത്തിന്റെ അടയാളമാണ്. രോഗം വരുമ്പോഴോ അല്ലെങ്കിൽ സത്യനാശം സംഭവിക്കുമ്പോഴോ ആണ് കോട്ടുവായ വരുന്നത്. പൈസ ലഭിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഒരിക്കലും കോട്ടുവായ വരുകയില്ല. ബാബ വ്യാപാരിയുമാണ്. രാത്രിയിൽ കപ്പൽ വരുകയാണെങ്കിൽ രാത്രിയിൽ ഉണർന്നിരിക്കും. ഏതെങ്കിലും (ബീഗം) രാജ്ഞി രാത്രിയിൽ വരുകയാണെങ്കിൽ കേവലം സ്തീകൾക്ക് വേണ്ടിയാണ് വ്യാപാരം തുറന്നിരിക്കുക. ബാബയും പറയുകയാണ് പ്രദർശിനി മുതലായവ സ്ത്രീകൾക്കുവേണ്ടി പകൽ പ്രത്യേകം വെയ്ക്കുകയാണെങ്കിൽ അനേകം പേർ വരും. പർദ്ദ അണിഞ്ഞവരും വരും. മരുമക്കൾ പർദ്ദ ധരിച്ചായിരിക്കും ഇരിക്കുക. കാറിലും കർട്ടൻ ഉണ്ടായിരിക്കും. ഇവിടെയാണെങ്കിൽ ആത്മാവിന്റെ കാര്യമാണ്. ജ്ഞാനം ലഭിക്കുമ്പോൾ മൂടുപടം തുറക്കപ്പെടും. സത്യയുഗത്തിൽ പർദ്ദ മുതലായവയൊന്നും ഉണ്ടായിരിക്കുകയില്ല. ഇത് പ്രവൃത്തി മാർഗത്തിലെ ജ്ഞാനമാണല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ കളി വളരെ രസകരമായി ഉണ്ടാക്കിയിട്ടുള്ളതാണ്, ഇതിൽ സുഖ ദുഖത്തിന്റെ പാർട്ടടങ്ങിയിട്ടുണ്ട് അതുകൊണ്ട് കരയേണ്ട കാര്യമില്ല. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണെന്ന് ബുദ്ധിയിൽ ഉണ്ടായിരിക്കണം, കഴിഞ്ഞതിനെക്കുറിച്ച് ചിന്തിക്കരുത്.

2. ഇത് സാധാരണ ക്ലാസ്സല്ല, ഇവിടെ കണ്ണുകൾ അടച്ച് ഇരിക്കരുത്. ടീച്ചറെ മുന്നിൽ കാണണം. കോട്ടുവായിടരുത്. കോട്ടുവായ ദുഖത്തിന്റെ അടയാളമാണ്.

## വരദാനം-സന്തുഷ്ടതയുടെ മൂന്ന് സർട്ടിഫിക്കറ്റുകളെയും പ്രാപ്തമാക്കി തന്റെ യോഗീ ജീവിതത്തിന്റെ പ്രഭാവം പ്രകടമാക്കുന്ന സഹജയോഗിയായി ഭവിക്കട്ടെ.

സന്തുഷ്ടത യോഗീജീവിതത്തിന്റെ പ്രധാന ലക്ഷ്യമാണ്. ആരാണോ സദാ സന്തുഷ്ടരായി ഇരിക്കുകയും,മറ്റുള്ളവരെക്കൂടി സന്തുഷ്ടരാക്കുകയും ചെയ്യുന്നത് അവരുടെ യോഗീജീവിതത്തിന്റെ പ്രഭാവം മറ്റുള്ളവരിലേക്കും താനേ എത്തിച്ചേരുന്നു.സയൻസിന്റെ സാമഗ്രികളുടെ സ്വാധീനം വായുമണ്ഢലത്തിൽ ഉണ്ടാകുന്നതുപോലെതന്നെയാണ് സഹജയോഗി ജീവിതത്തിന്റെ പ്രഭാവവും മറ്റുള്ളവരിൽ ഉണ്ടാകുന്നത്.യോഗീജീവിതത്തിന് മൂന്ന് സർട്ടിഫിക്കറ്റുകൾ ഉണ്ട്. ഒന്ന് -സ്വയത്തിൽ സന്തുഷ്ടത,രണ്ട്-ബാബയിൽ സന്തുഷ്ടത,മൂന്ന്-ലൗകീകവും അലൗകീകവുമായ കുടുംബത്തിലും സന്തുഷ്ടത്.

## സ്ലോഗൻ - സ്വരാജ്യത്തിന്റെ തിലകമണിഞ്ഞ്,വിശ്വമംഗളത്തിന്റെ കിരീടം ചൂടി,സ്വസ്ഥിതിയാകുന്ന സിംഹാസനത്തിലിരിക്കുന്നവരാണ് രാജയോഗികൾ.